# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 15 — 11-06-2012-ൽ മറുപടിയ്ക്ക്

### വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി കെ.എസ്. സലീഖ :**<br>**ശ്രീ എം.എ. ബേബി :**<br>**ശ്രീ കോലിയക്കോട് എൻ. കൃഷ്ണൻ നായർ:**<br>**ശ്രീ. ജയിംസ് മാത്യു:** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് റോഡപകടങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>ഇത് കുറച്ചുകൊണ്ടു വരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസ് വകുപ്പ് ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായി ചേർന്ന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ വാഹന പരിശോധനകൾ നടത്തി ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുകയും നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ ട്രാഫിക് സൈൻ ബോർഡുകളും ഡിവൈഡറുകളും സ്ഥാപിക്കുകയും തിരക്കേറിയ ജംഗ്ഷനുകൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ ട്രാഫിക് നിയന്ത്രിക്കുന്നതിനായി |

പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുകയും ഹോംഗാർഡ്സ്, ട്രാഫിക് വാർഡന്മാർ എന്നിവരുടെ സേവനം ഇവിടെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. റോഡപകടങ്ങൾ ഉണ്ടായാൽ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നതിന് ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മദ്യപിച്ച് വാഹനമോടിക്കുന്ന ഡ്രൈവർമാരെ അത്യാധുനിക ഉപകരണങ്ങളുടെ സഹായത്തോടെ കണ്ടെത്തുകയും അവരുടെ ലൈസൻസ് റദ്ദു ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര റോഡപകടങ്ങൾ നടന്നു; ഈ കാലയളവിൽ റോഡപകടങ്ങൾ മൂലം മരണപ്പെട്ടവരെത്ര ;

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35,929 റോഡപകടങ്ങളിൽ 4,115 പേർ മരണപ്പെടുകയും, 41,763 പേർക്ക് പരിക്ക് പറ്റുകയും ചെയ്തിട്ടുണ്ട്.

**(സി)** അപകടകാരണങ്ങളുടെ പൊതു സ്വഭാവം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; റോഡപകട കേസുകളിൽ കുറ്റവാളികളായി കണക്കാക്കപ്പെട്ടവരിൽ ഇപ്പോഴും അറസ്റ്റ് ചെയ്യപ്പെടാത്തവരുണ്ടോ ; എങ്കിൽ എത്ര ;

**(സി)** അമിതവേഗത, ട്രാഫിക് നിയമങ്ങൾ പാലിക്കാതെയും സീറ്റ് ബെൽറ്റ്, ഹെൽമറ്റ് എന്നിവ ധരിക്കാതെയുമുള്ള അശ്രദ്ധമായ ഡ്രൈവിംഗ്, റോഡുകളുടെ മോശമായ അവസ്ഥ, വാഹനങ്ങളുടെ കാര്യക്ഷമതയില്ലായ്മ, മദ്യപിച്ച് വാഹനം ഓടിക്കുന്നത് എന്നിവ അപകടകാരണങ്ങളുടെ പൊതുസ്വഭാവമായി കണക്കാക്കാവുന്നതാണ്. കഴിഞ്ഞ 10 വർഷത്തെ കണക്ക്

പ്രകാരം റോഡപകട കേസ്സുകളിൽ കുറ്റവാളികളായി കണക്കാക്കപ്പെട്ട വരിൽ 920 പേരെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്. ഇവർക്കെതിര ഊർജ്ജിത അന്വേഷണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ